Arabic Munshis.

* 562. MR. M. VARKEY (*Kunnathunad II—General*): Will the Hon'ble Minister for Education be pleased to state the arrangements made to engage the non-Muslim students of those departmental middle schools where the Muslim students are engaged by Arabic Munshis.

HON'BLE MR. N KUNJURAMAN: The non-Muslim students of the departmental Middle Schools will be engaged by the teachers of the respective third languages while the Muslim students are engaged by the Arabic Munshis.

Agricultural Demonstrators.

* 563. MR, N. P. VARGHESE (*Muvattupuzha I—General*): Will the Hon'ble Minister for Agricultural be pleased to state:

(*a*) the duties of an Agricultural Demonstrator in a taluk, his pay and travelling allowance; and

(*b*) the details of his staff and their pay?

HON'BLE MR. V. O MARKOS: (*a*) Duties. Propaganda work for improvement of Agriculture.

Pay:—Two grades — I Grade Rs. 30-3-45, II Grade Rs. 25-1-30.

Allowance:—Permanent Cycle allowance of Rs. 6 per mensem.

(*b*) Nil.

MR. N. P. VARGHESE: ഇപ്പോൾ ഈ ഡിമോൺസ്ട്രേറേറന്മാർ എന്തെങ്കിലും പ്രോപ്പഗൻറാ നടത്തുന്നുണ്ടോ?

HON'BLE MR. V. O. MARKOS: ഉണ്ടെന്നാണ് റിപ്പോർട്ട്.

MR. VARGHESE AUGUSTIN (*Ambalapuzha III—General*): ഓരോ താലൂക്കിലും ഇതുപോലെ പ്രോപ്പഗൻറാ നടത്തുന്നതിനു ഇതുപോലെ ആളുകളെ നിയമിച്ചിട്ടുണ്ടോ?

HON'BLE MR. V. O. MARKOS: ഓരോ രേഞ്ചിലും നിയമിച്ചിട്ടുണ്ട്. ഓരോ താലൂക്കിലും ഉണ്ടെന്നു തോന്നുന്നില്ല.

MR. P CHACKO (*Thiruvalla V—General*): ഓരോ രേഞ്ചിനും എത്ര വിസ്തീർണ്ണം വരുമെന്ന ഉദ്ദേശമായിട്ടെങ്കിലും പറയാൻ കഴിയുമോ?

HON'BLE MR. V. O. MARKOS: വിസ്തീർണ്ണം എന്തുവരുമെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. V. A. ABDUL AZIZ: ഡിമോൺസ്ട്രേറേറന്മാർ ഇപ്പോൾ എത്ര ഡിമോൺസ്ട്രേഷൻജോലികളാണ് നടത്തുന്നത്?

HON'BLE MR. V. O. MARKOS: കൃഷി നന്നാക്കേണ്ട വിധം പറഞ്ഞു കൊടുക്കുക, കൃഷി ചെയ്യേണ്ടവിധം കാണിച്ചുകൊടുക്കുക മുതലായവ.

LIBRARY ARCHIVES Kerala Legislative Assembly

MR. VARGHESE AUGASTINE : അമ്പലപ്പുഴ താലൂക്കിലെ കൃഷിക്കാർക്ക് കൃഷി സംബന്ധിച്ചുള്ള അറിവുകർഷം സമ്പാദിക്കുന്നതിന് ഏതെങ്കിലും സ്ഥലത്തു ഇതുപോലുള്ള ഡിമോൺസ്ട്രേഷൻ വക്ക് നടത്തുന്നുണ്ടോ?

HON'BLE MR. V. O. MARKOS : അതേപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. G. P. NILAKANTA PILLAI (*Karunagapalli I—General*) : ഇങ്ങനെ ഒരു ഉദ്യോഗസ്ഥൻ ഇവിടെയുണ്ടെന്ന് ഈ നാട്ടുകാർ ആരും അറിഞ്ഞിട്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു അറിയാമോ?

HON'BLE MR V. O. MARKOS : അറിഞ്ഞിട്ടുണ്ടെന്നുള്ളതിനു ഈ ചോദ്യം തന്നെ ഒരു തെളിവാണ്.

MR. G. P. NILAKANTA PILLAI : അവർ യാതൊന്നും ചെയ്യുന്നില്ലെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. V. O. MARKOS : അവർ പലതും ചെയ്യുന്നുണ്ടെന്നാണ് ഗവണ്മെൻറിന്റെ അറിവ്.

MR. P. T. CHACKO: What is the sort of propaganda they are expected to make?

HON'BLE MR. V. O. MARKOS : All kinds of help and advice and demonstration which would go towards improvement of agriculture.

MR. S. KUTTAN : വിളവു നശിപ്പിക്കുന്ന ജന്തുക്കളെ സംബന്ധിച്ചു വേണ്ട വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ളവരാണോ ഇവർ.

HON'BLE MR. V. O. MARKOS : അതേ. അവക്ക് അതിനെ സംബന്ധിച്ച് എല്ലാം അറിയാം.

MR. T. T. KESAVAN SASTRI (*Kunnathunad I—General*) : നെൽകൃഷിക്കു നേരിട്ടിട്ടുള്ള ഇതുവരെയുള്ള കയ്പുപറ്റി എന്തെങ്കിലും പരീക്ഷണം ഇവർ നടത്തിയിട്ടുണ്ടോ?

HON'BLE MR. V. O. MARKOS : ചില സ്ഥലങ്ങളിലെല്ലാം നടത്തിയിട്ടുണ്ട്?

MR. T. T. KESAVAN SASTRI : കുട്ടനാട്ടിൽ നടത്തിയിട്ടുണ്ടോ?

HON'BLE MR. V. O. MARKOS : ഉണ്ട്.

MR. K. K. CHELLAPPAN PILLAI : ഇവരുടെ പ്രവർത്തനങ്ങൾ കൃഷിക്കു ഉപയോഗയോഗ്യമാക്കിത്തീർക്കത്തക്ക വിധത്തിൽ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

HON'BLE MR. V. O. MARKOS : നിശ്ചയമായിട്ടും ശ്രദ്ധിക്കുന്നതാണ്.

MR. PONNARA G. SREEDHAR (*Nedumangad II—General*) : ഇങ്ങനെ കുറെ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ട് എത്രനാളായി?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. V. O. MARKOS: വളരെ നാളായി.

MR. G. CHANDRASEKHARA PILLAI: അതിനുശേഷം കൃഷി നന്നായിട്ടുണ്ടോ?

HON'BLE MR. V O. MARKOS: ഉണ്ടെന്നാണറിവ്.

MR. G. CHANDRASEKHARA PILLAI: എത്രത്തോളം നന്നായിട്ടുണ്ട്?

HON'BLE MR. V. O. MARKOS: എത്രത്തോളം നന്നായിട്ടുണ്ടെന്നു പറയത്തക്കവണ്ണം അതേക്കുറിച്ച് അന്വേഷിച്ചിട്ടില്ല.

MR. N. P. VARGHESE: കൃഷി ചെയ്യുന്ന വയലുകളിൽ ഇവർ പോയാണോ അതോ ലാബറട്ടറിയിൽ ഇരുന്നാണോ ജോലി നിർവ്വഹിക്കുന്നത്?

HON'BLE MR. V. O. MARKOS: കൃഷിസ്ഥലത്തു പോയാണ്.

MR. P. KUNJIKR'SHNAN (*Quilon II—General*): ഇവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഗവണ്മെൻറിലേക്ക് റിപ്പോർട്ട് സമർപ്പിക്കാറുണ്ടോ?

HON'BLE MR. V. O. MARKOS: ഉണ്ട്.

MR. P. T. CHACKO: ഇവരാരെങ്കിലും കൃഷിചെയ്യു പരിചയം ഉള്ളവരാണോ?

HON'BLE MR. V. O. MARKOS: അന്വേഷിച്ചിട്ടില്ല.

MR. P. T. CHACKO: ഇവർ ഡിമോൺസ്ട്രേഷൻ നടത്തുന്നതു് എങ്ങിനെയാണ്?

HON'BLE MR. V. O. MARKOS: അതിനു് മറുപടി ഞാൻ നേരത്തേ പറഞ്ഞുകഴിഞ്ഞു.

MR. A. CHIDAMBARANATHA NADAR (*Vilavancode-Hindu Nadar*): எல்லாத் தாலூகாகளிலும் இதுமாதிரி கள் உண்டா?

HON'BLE MR. V. O. MARKOS: ഉണ്ട്.

MR. A. CHIDAMBARANATHA NADAR: இந்த Agricultural demonstration நியமிக்கப்பட்டிருக்கும் ஆள்களுக்கு கிருஷியைப்பற்றி அனுபவமுண்டா?

HON'BLE MR. V. O. MARKOS: വളരെ നല്ല അറിവുള്ളവരാണ്.

MR. A. CHIDAMBARANATHA NADAR: கலப்பை பிடித்து உழுத்த அனுபமுள்ளவர்களைத்தான், நியமித்து இருக்கிறதா?

HON'BLE MR. V. O. MARKOS: എന്നാണ് എന്റെ വിശ്വാസം.

MR. PONNARA G. SREEDHAR: ഈ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം കൊണ്ട് കൃഷി വർദ്ധിച്ചിട്ടുണ്ടെന്നാണല്ലോ പറഞ്ഞതു്. ഇങ്ങനെയാണെങ്കിൽ നെല്ല് കൂടുതൽ പ്രൊക്യൂവർ ചെയ്യാൻ സാധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. V. O. MARKOS: അതു ചോദ്യത്തിന്റെ അടിസ്ഥാനം തെറ്റാണു്. പ്രൊക്യൂവർമെന്റു് അതിനെ ആശ്രയിച്ചല്ല ഇരിക്കുന്നതു.

MR PONNARA G. SREEDHAR: എന്നാൽ അതിന്റെ അടിസ്ഥാനമെന്താണു്?

HON'BLE MR. V. O. MARKOS: അതു് പ്രൊക്യൂവർ ചെയ്യുന്നവരുടേയും കൃഷിക്കാരുടേയും പ്രവർത്തനത്തെ ആശ്രയിച്ചിരിക്കും.

MR. VARGHESE AUGUSTINE: ഇവരുടെ പ്രവർത്തനംകൊണ്ടു കാര്യമായ പ്രയോജനം ഇല്ലെങ്കിൽ ഇതു് നിറുത്തൽ ചെയ്യുവാൻ ഗവണ്മെന്റു് ശ്രമിക്കുമോ?

HON'BLE MR. V. O. MARKOS: അങ്ങനെയാണു് പൊതുജനാഭിപ്രായമെങ്കിൽ അതേക്കുറിച്ചു് ആലോചിക്കാവുന്നതാണു്. തൽക്കാലം ഗവണ്മെന്റു വിചാരിക്കുന്നതു് ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം ഫലപ്രദമാക്കുവാനാണു്.

MR. PONNARA G. SREEDHAR: ഈ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം ശരിയായി നടക്കുന്നുണ്ടെങ്കിൽ കൂടുതൽ നെല്ലു ഗവണ്മെന്റിലേക്കു് എടുക്കാൻ സാധിക്കയില്ലേ?

HON'BLE MR. V. O. MARKOS: അതു് ആ ഉദ്യോഗസ്ഥന്റെ പ്രവർത്തനത്തെ ആശ്രയിച്ചുള്ളതല്ല ഇരിക്കുന്നതു്. അതു് നെല്ലു് കൊടുക്കുന്നതിന്റെ രീതിയെ ആശ്രയിച്ചിരിക്കുന്നു.

MR. A. CHIDAMBARANATHA NADAR: *தோவாளைத் தாலுகாவில், திருப்பதிசாரம் என்ற இடத்தில் சர்க்கார்* Paddy Farms *இருக்கிறது. அதை பாட்டத்திற்குக் கொடுத்து இருப்பது தெரியுமா?*

MR. PRESIDENT: That question does not arise.

MR. CHERIYAN J. KAPPAN (*Meenachil III—General*) ഡാമൻസ്റ്റേററന്മാർ കൃഷിയെ അഭിവൃദ്ധിപ്പെടുത്തിക്കൊള്ളുമെന്ന സങ്കല്പത്തിനുവേണ്ടി ഗവണ്മെന്റു് എത്രയോ ചെലവു ചെയ്യുന്നുണ്ടു്.

MR. PRESIDENT: That question needs no answer.

MRS. DAVAKI GOPIDAS: ഇങ്ങനെ എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ടു്.

HON'BLE MR. V. O. MARKOS: ആ വിവരം കൈവശമില്ലാത്തതുകൊണ്ടു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. K. A. MATHEW: അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനവും ഈ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനവും തമ്മിലുള്ള കൊ-ഓർഡിനേഷൻ എങ്ങിനെയാണു്.

HON'BLE MR. V. O. MARKOS: ഒരു കൂട്ടർ പ്രവൃത്തി ചെയ്യും. മറ്റുള്ളവർ അതനുസരിച്ചു് പ്രവർത്തിക്കും.

LIBRARY ARCHIVES Kerala Legislative Assembly